ആയുർവ്വേദ കോളേജ് സ്റ്റാഫ് പാറ്റേൺ

488 [882] ശ്രീ. കെ. ശങ്കരനാരായണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ആയുർവ്വേദ കോളേജുകളിൽ ഡിപ്പാർട്ടുമെന്റൽ സ്റ്റാഫ് പാറ്റേൺ അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ, ഈ സ്റ്റാഫ് പാറ്റേൺ ആയുർവ്വേദ കോളേജുകളിലും അംഗീകരിച്ചു നടപ്പാക്കുമോ?

ഉത്തരം

(എ, ബി) ഡിപ്പാർട്ടുമെന്റൽ സിസ്റ്റം ഓഫ് റദ്ദിച്ചിംഗ് ഗവൺമെന്റ് ആയുർവ്വേദ കോളേജുകളിൽ നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചു വരികയാണ്.

'ആയുർവ്വേദത്തിനും അലോപ്പതിക്കും തുല്യത' എന്ന നയം

489 [883] ശ്രീ. കെ. ശങ്കരനാരായണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ആയുർവ്വേദത്തിനും അലോപ്പതിക്കും തുല്യത' എന്ന നയം കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുള്ളതായി സംസ്ഥാന ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത് സംസ്ഥാനത്ത് നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

മത്സ്യത്തൊഴിലാളികൾക്ക് ദേശീയ ക്ഷേമ നിധി

490 [886] ശ്രീ. സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് പുതുതായി ഏർപ്പെടുത്തിയ ദേശീയ ക്ഷേമനിധി കേരളത്തിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ സർക്കാർ ഇതിനകം ഇതിനായി എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly